(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) മേൽ ക്രമേക്കേടുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻ അതേ ഓഫീസിൽ തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ—സി) ഉണ്ട്. കാസറഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഒൻപത് ഉദ്യോഗസ്ഥരിൽ അഞ്ചു പേരെ കണ്ണൂർ ജില്ലയിലേക്കും മൂന്ന് പേരെ കോഴിക്കോട് ജില്ലയിലേക്കും (ഒരാൾ സസ്പെൻഷനിലാണ്) ഒരാളെ മലപ്പുറം ജില്ലയിലേക്കും സ്ഥലം മാറ്റിയിരിക്കുകയാണ്. ഇവർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

21 [1122] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വിദ്യാലയത്തിലെ പി.ടി.എ.-കൾ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് വിദ്യാലയത്തിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട് :

1. ROT (Receive Only Terminal) സജ്ജീകരിക്കുന്നതിന് തെരഞ്ഞെടുത്ത ക്ലാസ്സ് മുറിയിൽ വൈദ്യുതി ബന്ധം എത്തിക്കുക.
2. മുറിക്ക് ആവശ്യമായ സുരക്ഷാ ഏർപ്പാടുകൾ ക്രമീകരിക്കുക.
3. 29" ടി. വി. നിശ്ചിത ഉയരത്തിൽ (ബ്ലാക്ക് ബോർഡിനു മുകളിൽ) ഭിത്തിയിൽ ഉറപ്പിക്കുന്നതിന് ആവശ്യമായ സ്റ്റാന്റുകൾ സജ്ജീകരിക്കുക.
4. വൃക്ഷത്തലപ്പുകൾ, കെട്ടിടങ്ങൾ എന്നിവയുടെ മറവുകൾ ഇല്ലാത്ത ടെറസ്സിൽ 90 സെ. മീറ്റർ ആന്റിന സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുക.
5. ROT സജ്ജീകരിക്കുന്ന മുറിയിൽ ആവശ്യത്തിനുള്ള ഇരിപ്പിട സൗകര്യങ്ങൾ ക്രമീകരിക്കുക.

സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്താലോ സ്വന്തമായോ ഈ സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം പി.ടി.എ.-യ്ക്ക് ROT-യും T.V.-യും വാങ്ങി സ്ഥാപിക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly